KSEB

# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)*
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004*
CIN:U40100KL2011SGC027424 *Website:* www.kseb.in
Office of the Director (Distribution, IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
*Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail:ddkseb@kseb.in*

D (D, IT & HRM)/ COVID 19/ 2019 – 2020/9 / 29.04.2020

## പരിപത്രം

വിഷയം :- കോവിഡ് 19- ലോക്ക് ഡൗൺ കാലയളവിൽ മീറ്റർ റീഡിംഗ് വൈകിയത് മൂലമുണ്ടായ പരാതികൾ പരിഹരിക്കുന്നത് സംബന്ധിച്ച് - മാർഗ്ഗനിർദേശങ്ങൾ

സൂചന :- 1. 31.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/5
2. 18.04.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/6
3. 21.04.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/7

1. സൂചന 1 പ്രകാരം ലോക്ക്-ഡൗൺകാലയളവിൽ 15.04.2020 വരെയുള്ള LT ഉപഭോക്താക്കളുടെ ബില്ലുകൾ ശരാശരി ഉപഭോഗം കണക്കാക്കി നൽകിയിട്ടുണ്ട്.
2. സൂചന 2,3 പ്രകാരം സർക്കാർ നിർദ്ദേശിച്ച ഹോട്ട്സ്പോട്ട് ഒഴികെയുള്ള പ്രദേശങ്ങളിൽ 16.04.2020 തീയതി തുടങ്ങുന്ന വാക്കിംഗ് ഓർഡറിന് അനുസൃതമായി 20.04.2020 മുതൽ മീറ്റർ റീഡിംഗ് എടുത്ത് ബില്ലുകൾ നൽകാൻ നിർദേശിച്ചിരുന്നു.
3. എന്നാൽ മീറ്റർ റീഡിംഗ് വൈകിയത് മൂലം തങ്ങളുടെ കൺസംപ്ഷൻ സ്ലാബ് മാറി വൈദ്യുതി ബിൽ തുകയിൽ വർദ്ധനവ് ഉണ്ടായതായി അപൂർവ്വം ചില ഉപഭോക്താക്കൾ പരാതിപ്പെട്ടിട്ടുണ്ട്. യാതൊരു കാരണവശാലും ഉപഭോക്താക്കളിൽ നിന്നും അവരുടെ ദ്വൈമാസ ഉപഭോഗത്തിന്റെ നിരക്കിനേക്കാൾ കൂടുതൽ വരുന്ന ബില്ലുകൾ നൽകാൻ പാടില്ലാത്തതും , അങ്ങിനെ നൽകിയിട്ടുള്ള സാഹചര്യങ്ങളിൽ ബില്ലുകൾ യഥാർത്ഥ ദ്വൈമാസ ഉപഭോഗത്തിനനുസൃതമായ നിരക്കിൽ ക്രമപ്പെടുത്തി പുനർ നിർണ്ണയിച്ചു നൽകേണ്ടതുമാണ്.

(i) 28.04.2020 തീയതി മുതൽ മീറ്റർ റീഡിംഗ് വൈകുന്നതുമൂലമുള്ള പരാതികൾ പരിഹരിക്കുന്നതിനായി എൽ.ടി ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതാണ്.

(ii) 20.04.2020 തീയതി മുതൽ 27.04.2020 വരെ നൽകിയ ബില്ലുകളിൽ, പരാതി പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തുവാൻ ഇലക്ട്രിക്കൽ സെക്ഷനിലെ ബില്ലിംഗ് വിഭാഗം ശ്രദ്ധിക്കേണ്ടതാണ്. ബില്ലിംഗ് സോഫ്റ്റ്‌വെയറിലെ യൂട്ടിലിറ്റി മെനുവിലെ റെഡിറെക്കണർ സബ്മെനുവിലുള്ള ആക്ച്വൽ ഡേ ബില്ലിംഗ് ഓപ്ഷൻ ഇതിനായി ഉപയോഗിക്കേണ്ടതാണ് .

Sd/-

**ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ**

വിതരണമേഖലയിലെ എല്ലാ ഓഫീസ് മേധാവികൾക്കും